# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **144/2026** തിരുവനന്തപുരം, തീയതി : **13/07/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല</u>
### <u>ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2026</u>
### <u>സ്പോർട്സ് ക്വാട്ട, ഡിഫെൻസ് ക്വാട്ട, കെ.യൂ.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 18 ന്.</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട, ഡിഫെൻസ് ക്വാട്ട സീറ്റുകളിലേക്കും കെ.യു.സി.റ്റി.ഇ കളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 18 ന് ഇ എം എസ് ഹാൾ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും. സ്പോട്ട് അലോട്ട്മെന്റ് സമയത്ത് പ്രൊഫൈൽ എഡിറ്റിംഗ് അനുവദിക്കുന്നതല്ല.

ഡിഫെൻസ് ക്വാട്ട സീറ്റിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ ജില്ലാ സൈനിക ക്ഷേമ ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല

അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം.

നിലവിൽ കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവരെയും, രജിസ്റ്റർ ചെയ്തവരെ പരിഗണിച്ച ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**, ഇ-മെയിൽ : **bedadmission@keralauniversity.ac.in**.

## കേരളസർവകലാശാല പി.ജി. & എംടെക് (സി.എസ്.എസ്.) അഡ്മിഷൻ 2026

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള മൂന്നാംഘട്ട പ്രവേശനം 2026 ജൂലൈ 16 (16.07.2026) ന് അതാത് പഠന വകുപ്പുകളിലായി നടക്കും. മൂന്നാംഘട്ട അഡ്മിഷനായി ഹാജരാകേണ്ട വിദ്യാർത്ഥികൾ അവരുടെ അഡ്മിഷൻ പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടുകൂടി പ്രവേശന സമയത്ത് ഹാജരാകണം. വിശദവിവരങ്ങൾക്ക് : ഫോൺ: 0471 2308328, മൊബൈൽ : 9188524612, ഇ-മെയിൽ : **csspghelp2026@gmail.com**.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ (2026-27 അധ്യയന വർഷം) SC, ST ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ അതാത് പഠനവകുപ്പുകളിൽ വച്ച് 2026 ജൂലൈ 16 (16.07.2026) ന് നടത്തുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രാവിലെ 11:00 മണിക്ക് അതാത് പഠനവകുപ്പുകളിൽ ഹാജരാക്കേണ്ടതാണ്.

**സ്പോട്ട് അഡ്മിഷനുള്ള ഒഴുവുകൾ:**

ഫിസിക്സ് : SC - 1; കെമിസ്ട്രി : ST - 1; മാത്തമാറ്റിക്സ് : SC - 3, ST - 1; സൈക്കോളജി : ST - 1; ജിയോളജി : ST - 1; മലയാളം : SC - 3, ST - 1; ഇംഗ്ലീഷ് : ST - 1; ഹിന്ദി : SC - 3, ST - 1; സംസ്കൃതം : SC - 3, ST - 1; പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്: SC -1; ഹിസ്റ്ററി : SC -1, ST - 1, ബിബിഎ : ST - 1; കോമേഴ്സ്: SC-2, ST – 1.

കൂടുതൽ വിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ **(admissions.keralauniversity.ac.in)** ലഭ്യമാണ്. ഇ-മെയിൽ : **cssfyugphelp2026@gmail.com**, ഫോൺ : 0471 2308328, മൊബൈൽ : 9188524612.

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ എംഎ/എംഎസ്സി/ എംടെക്/എംകോം/എംഎഡ് എന്നീ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ 2026 ജൂലൈ 17 (17.07.2026) ന് രാവിലെ 11 മണിക്ക് അതാത് പഠന

വകുപ്പുകളിലായി നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളെ കുറിച്ചും, ഒഴിവുകളുടെ എണ്ണം സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾക്ക് **https://admissions.keralauniversity.ac.in/css2026/** സന്ദർശിക്കുക.

ഒഴിവുള്ള വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സ്പോട്ട് അഡ്മിഷനു ഹാജരാകുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് അഡ്മിഷൻ നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2308328, മൊബൈൽ: 9188524612, ഇ-മെയിൽ : **csspghelp2026@gmail.com**.

## പരിഷ്ക്കരിച്ച പരീക്ഷാഫലം (Revised Result)

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ **B.P.Ed.** (നാല് വർഷ ഇന്നൊവേറ്റീവ് കോഴ്സ് - 2022 സ്കീം) എട്ടാം സെമസ്റ്റർ (റെഗുലർ) പരീക്ഷയുടെ റിവൈസ്ഡ് റിസൽട്ട് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 ജൂലൈ 29 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി നൽകി

ശ്രീമതി. സയ്ദലി ഫാത്തിമ എം. **(തമിഴ്)**, ശ്രീ. അബിൻ പി. ജോസ്, ശ്രീമതി. രേഷ്മ റോയ് **(കൊമേഴ്സ്)** എന്നിവർക്ക് പിഎച്ച്.ഡി. നൽകികൊണ്ട് കേരളസർവകലാശാല 2026 ജൂലൈ 09 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി.

2026 ജൂലൈ 29 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**